# കോളയാട് ഗ്രാമപഞ്ചായത്ത്

# കരട് ബജറ്റ് 2025–26

ബഹുമാന്യരേ,

ബജറ്റ് അവതരണത്തിന് ആമുഖ പ്രഭാഷണം നടത്തിയ കോളയാട് ഗ്രാമപഞ്ചായത്തിന്റെ ആദരണീയയായ പ്രസിഡണ്ട് ശ്രീമതി റിജി എം, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേർസൺമാർ/ചെയർമാൻമാർ, പഞ്ചായത്ത് മെമ്പർമാർ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥന്മാർ, ആസൂത്രണ സമിതി അംഗങ്ങൾ, ജീവനക്കാർ, മാധ്യമപ്രവർത്തകർ നിങ്ങൾ ഏവരേയും 2025–26 വർഷത്തേക്കുള്ള ബജറ്റ് അവതരണത്തിനുള്ള പ്രത്യേക യോഗത്തിലേക്ക് സ്നേഹപൂർവ്വം ഞാൻ സ്വാഗതം ചെയ്യുന്നു.

സംസ്ഥാന സർക്കാർ ബജറ്റിൽ മുന്നോട്ട് വെച്ച മുൻഗണനാ മേഖലകളെയെല്ലാം നമുക്ക് ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിലും കേന്ദ്ര സംസ്ഥാന ഫണ്ടുകളും എംഎൽഎ, എംപി ഫണ്ടുകളും, ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ഫണ്ടുകളും പ്രതീക്ഷിച്ചുകൊണ്ടാണ് ഈ ബജറ്റിന് രൂപം നൽകിയിരിക്കുന്നത്. എല്ലാ വഴികളിലൂടെയും ലഭ്യമാകുന്ന സ്രോതസ്സുകളെല്ലാം ചേർത്ത് ഈ പഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് ജനങ്ങളുടെ പ്രതീക്ഷയ്ക്ക് കരുത്ത് പകരുന്ന ശ്രമമാണ് ഈ ബജറ്റിലൂടെ വിഭാവനം ചെയ്യുന്നത്.

2020 ഡിസംബർ മാസം അധികാരത്തിലെത്തിയ ഈ ഭരണസമിതിയുടെ അഞ്ചാമത്തേതും അവസാനത്തേതുമായ ബജറ്റാണ് ഇന്നിവിടെ അവതരിപ്പിക്കുന്നത്. കഴിഞ്ഞ കാലയളവിൽ ഭരണ സമിതി അംഗങ്ങൾ ഒറ്റക്കെട്ടായി നാടിന്റെ വികസന പ്രക്രിയയിൽ പങ്കാളിയായത് കഴിഞ്ഞ കാലയളവിൽ ബജറ്റിനകത്ത് പ്രഖ്യാപിച്ച പദ്ധതികൾ പൂർണ്ണതയിൽ എത്തിക്കാൻ കഴിഞ്ഞതും ഭരണസമിതിയെ സംബന്ധിച്ച് അഭിമാനകരമാണ്.

ഈ പശ്ചാത്തലത്തിലാണ് 2025-26 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നത്. ഭരണ സമിതി അധികാരത്തിൽ വന്ന ഘട്ടത്തിൽ ഒട്ടേറെ വെല്ലുവിളികൾ നേരിട്ടാണ് മുന്നോട്ട് പോയത്. കോവിഡും അതിനെ തുടർന്നുള്ള പ്രതിസന്ധി ഒരുഭാഗത്തും പിന്നീടുള്ള വർഷങ്ങളിലെ പ്രകൃതി ദുരന്തങ്ങളും നമ്മെ പിന്തുടർന്നുകൊണ്ടിരുന്നു. അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് ജനജീവിതം സാധാരണ നിലയിലാക്കാൻ ജനങ്ങളുടെ ഒറ്റക്കെട്ടായ പ്രവർത്തനം കൊണ്ട് സാധിച്ചു. കൊളപ്പ മലയിലും ചെക്യേരി ഉന്നതിയിലും ഉണ്ടായ ഉരുൾപ്പൊട്ടൽ തലനാരിഴ വ്യത്യാസത്തിലാണ് നമുക്ക് മനുഷ്യ ജീവൻ നഷ്ടമാകാതിരുന്നത്. എന്നാൽ എടയാർ മുതൽ കണ്ണവം വരെയും മേനച്ചോടി മുതൽ അറയങ്ങാട് വരെയും പുഴയോരത്ത് താമസിക്കുന്ന കുടുംബങ്ങൾ വെള്ളത്തിലാവുകയും ഒട്ടേറെ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. ഇതിൽനിന്ന് ഇനിയും ചില കുടുംബങ്ങൾ മോചിതരായിട്ടില്ല. കാലാവസ്ഥാ വ്യതിയാനം മൂലം നമ്മുടെ പഞ്ചായത്ത് പോലുള്ള പ്രദേശങ്ങളിലുള്ള ഭീഷണി ചെറുതല്ല. എന്നിരുന്നാൽ പോലും നമ്മുടെ പദ്ധതി പണത്തിന് എന്തെല്ലാം ശ്രോതസ്സുണ്ടോ അതെല്ലാം കണ്ടെത്തി നാടിന്റെ സമഗ്ര വികസനം യാഥാർത്ഥ്യമാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട നേട്ടങ്ങൾ താഴെ സൂചിപ്പിക്കുകയാണ്.

1. ബഡ്സ് സ്കൂളിന് പുതിയ കെട്ടിടം
2. പള്ളിപ്പാലം പാലയാട്ടുകരി റോഡിന്റെ വികസനം
3. മേനച്ചോടി സ്കൂൾ കെട്ടിടം
4. കടൽക്കണ്ടം പാലം
5. ആലച്ചേരി സബ്സെന്റർ
6. പഞ്ചായത്ത് വായനശാല പുനഃസ്ഥാപിച്ചത്
7. പി എച്ച് സി യെ എഫ് എച്ച് സി ആയി ഉയർത്തിയത്
8. കോളയാട് ടൗണിന്റെ വികസനവും സൗന്ദര്യവത്കരണവും
9. ശ്മശാനം പൂർത്തീകരണം
10. സ്വന്തമായി സ്ഥലമില്ലാത്ത രണ്ട് അംഗനവാടികൾക്ക് സ്ഥലവും കെട്ടിട നിർമ്മാണവും
11. എല്ലാ അംഗനവാടികൾക്കും കുടിവെള്ളം
12. കോളയാട് ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയത്തിന്റെ നവീകരണം
13. പഞ്ചായത്ത് ഓഫീസിന്റെ നവീകരണവും നിർമ്മാണവും
14. ചെമ്പുക്കാവിലെ പ്രീമെട്രിക് ഹോസ്റ്റൽ
15. ഹോമിയോ ആശുപത്രി കൂടുതൽ സൗകര്യമുള്ളതാക്കി മാറ്റിയത്.
16. അതിദാരിദ്ര്യമില്ലാത്ത പഞ്ചായത്ത്
17. ലൈഫ് ഭവന പദ്ധതിൽ 383 വീടുകൾ

18. കോളയാട് പകൽവീട് സൗകര്യം

ഇതൊക്കെ എടുത്ത് പറയത്തക്ക നേട്ടങ്ങളാണ്.

കേരളത്തെ സാമ്പത്തികമായി സഹായിക്കേണ്ട കേന്ദ്ര സർക്കാർ ജി എസ് ടി നടപ്പിലാക്കിയതോടെ അർഹതപ്പെട്ട നികുതി വിഹിതം പല മേഖലയിലും ഗണ്യമായി കുറവ് വരുത്തുകയും സാമ്പത്തികമായി ഞെരുക്കുകയും ചെയ്തപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട വികസന ഫണ്ടിൽ സംസ്ഥാന സർക്കാർ ഒരു കുറവും വരുത്തിയില്ല എന്ന് മാത്രമല്ല അത് വർദ്ധിപ്പിച്ചത് നാടിന്റെ വികസന പ്രക്രിയയിൽ ആശ്വാസവും പ്രതീക്ഷയുമാണ് നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടുത്ത വർഷം നടപ്പിലാക്കേണ്ട മുൻഗണന പദ്ധതികൾ സാധാരണ മനുഷ്യരുടെ ജീവിത നിലവാരത്തെ ഉയർത്താൻ ഏറെ സഹായകരമാണ്. ലോകത്തിന് മാതൃകയായി അതിദരിദ്രരില്ലാത്ത ഇന്ത്യയിലെ ഏക സംസ്ഥാനമായി നമ്മുടെ നാട് മാറാൻവേണ്ടി പോകുകയാണ്. കൂടാതെ പാലിയേറ്റീവ് മേഖലയിൽ ലൈഫ് ഭവന നിർമ്മാണത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും മാലിന്യനിർമ്മാർജന പദ്ധതികളും ഉൽപ്പാദന മേഖലയിൽ സ്വയം പര്യാപ്തതയിലേക്ക് നയിക്കാൻ സഹായകരമായ പദ്ധതികളും ഈ വർഷത്തെ ബജറ്റിലുണ്ടാകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

## ഉൽപ്പാദന മേഖല

പഞ്ചാത്തിൽ താമസിക്കുന്ന കുടുംബങ്ങൾ ഏറെയും നാണ്യവിളയായ റബ്ബർ കൃഷി ചെയ്യുന്നവരാണ്. എന്നാൽ പരമ്പരാഗതമായി കൃഷി ചെയ്യുന്ന ന്യൂനപക്ഷം ഇപ്പോഴും തെങ്ങും വാഴയും കുരുമുളകും നെല്ലും കൃഷി ചെയ്ത് ഉപജീവനം നടത്തുന്നവരാണ്. അവരെ സഹായിക്കുന്നതിന് വേണ്ടി ഈ വർഷം മുൻഗണന നൽകുന്നുണ്ട്. കഴിഞ്ഞ കാലയളവിൽ കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ പുതിയ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന സഹായകരമാക്കിയിട്ടുണ്ട്. പഞ്ചായത്ത് വിതരണം ചെയ്യുന്ന പച്ചക്കറിത്തൈകൾ മറ്റ് നടീൽ വസ്തുക്കൾ എല്ലാം നല്ല നിലയിൽ ജനങ്ങൾ സംരക്ഷിച്ചു പോരുന്നു. ഭൂരിഭാഗം വീടുകളിലും തക്കാളിയും വഴുതനും പച്ചമുളകും ഉണ്ടാകുന്ന നിലയിലേക്ക് നമ്മുടെ വീട്ടുമുറ്റങ്ങൾ

മാറിയിട്ടുണ്ട്. ഇത് പ്രോത്സാഹിപ്പിക്കാനും മറ്റ് കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കാനും നമുക്ക് കഴിയേണ്ടതുണ്ട്.

മൃഗ സംരക്ഷണ മേഖലയിൽ മാറുന്ന കാലത്തിനനുസരിച്ച് മനോഭാവങ്ങളിലും മാറ്റം പ്രകടമാണ്. പശുവിനെ വളർത്താനുള്ള കർഷകരുടെ താൽപര്യം കുറഞ്ഞുവരുന്ന സാഹചര്യം നിലനിൽക്കുകയാണ്. പശുവളർത്തൽ ലാഭമില്ലാത്തതുകൊണ്ടല്ല മിറച്ച് അതിന് സമയം കണ്ടെത്താൻ തയ്യാറാകാത്തത് കൊണ്ടാണ്. ഇത് പഞ്ചായത്തിൽ ഭാവിയിൽ ക്ഷീരമേഖലക്ക് ഗുണകരമല്ല. ഇതിന് പരിഹാരമായി മറ്റ് മാർഗ്ഗങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. എന്നാൽപോലും നമ്മുടെ പഞ്ചായത്തിൽ 12 കുടുംബങ്ങൾ പശുവിനെ വളർത്തി ഉപജീവനം കണ്ടെത്തുന്നുണ്ട്. അവരെയെങ്കിലും ഈ മേഖലയിൽ നിലനിർത്താൻ സഹായങ്ങൾ നൽകേണ്ടതുണ്ട്.

കോഴി വളർത്തലിലാണ് നമുക്കേറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുള്ളത്. നാട്ടിൻപുറങ്ങളിൽ നിന്നും വെളുത്ത മുട്ടയ്ക്ക് പകരം ചുവന്ന മുട്ട കാണാൻ തുടങ്ങിയിട്ടുണ്ട്. ഈ ഭരണസമിതി എല്ലാവർഷവും ഏകദേശം അറന്നൂറ് കുടുംബങ്ങളിൽ നടത്തിയ കോഴി വിതരണം നമ്മുടെ പഞ്ചായത്തിൽ മുട്ടയുടെ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടാക്കിയത്. അതുപോലെ തന്നെ ഉൽപ്പാദന മേഖലയിൽ വന്യമൃഗങ്ങളുടെ ശല്യം അതി രൂക്ഷമാണ്. ഇതിന് പരിഹാരമായി ഫെൻസിംഗ് പോലുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. നബാർഡിന്റെ സഹായത്തോടെ ഇതിനുവേണ്ടിയുള്ള ശ്രമത്തിലാണ് പഞ്ചായത്ത് ഭരണസമിതി. ഉൽപ്പാദന മേഖലിയിൽ ഉണർവ്വേകുന്നതിനും കർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും വേണ്ടി **60 ലക്ഷം രൂപ** ഈ ബജറ്റിൽ നീക്കി വെക്കുന്നു.

## സേവന മേഖല

സംസ്ഥാന സർക്കാറിന്റെ സ്വപ്നപദ്ധതിയായ ലൈഫ് മിഷന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ 385 പേർ അർഹരായവരുണ്ട്. അവയിൽ 250 പേരുടെ ഭവനം പൂർത്തിയായിട്ടുണ്ട്. 75 പേരുടെ പണി അവസാനഘട്ടത്തിലാണ്. പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി പൂർത്തിയാകും മുമ്പ് എല്ലാ വീടുകളുടെയും പൂർത്തീകരണം സാധ്യമാകും എന്നാണ് കരുതുന്നത്. കൂടാതെ പി എം എ വൈ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വീട് കൂടി പൂർത്തിയാകുമ്പോൾ നമ്മുടെ പഞ്ചായത്തിൽ വീടില്ലാത്തവരായി ആരുമുണ്ടാകില്ല എന്നതാണ് യാഥാർത്ഥ്യം. ലൈഫ് ഭവന പദ്ധതിയുടെ വീട്

പൂർത്തീകരണത്തിന് പി എം എ വൈ യുടെ വിഹിതവും കൂടി ഈ ബജറ്റിനകത്ത് **96 ലക്ഷം രൂപ** മാറ്റി വെക്കുകയാണ്.

പഞ്ചായത്തിലെ 23 അംഗനവാടികളുടെ ഭൗതിക സാഹചര്യം ഈ കാലയളവിൽ മെച്ചപ്പെട്ടിട്ടുണ്ട്. എല്ലാ അംഗനവാടികൾക്കും കുടിവെള്ളമെന്ന ലക്ഷ്യം യാഥാർത്ഥ്യത്തിലേക്ക് നീങ്ങുകയാണ്. സ്വന്തമായി കെട്ടിടമില്ലാത്ത രണ്ട് അംഗനവാടികൾക്ക് സ്ഥലം കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് കണ്ടെത്തിയിട്ടുണ്ട്. അംഗൻവാടികളിലെ പോഷകാഹാരത്തിനും സ്മാർട് അംഗൻവാടി ലക്ഷ്യം കൈവരിക്കുന്നതിനും കുടിവെള്ളമെത്തിക്കുന്നതിനും **38 ലക്ഷം രൂപ** ഈ ബജറ്റിൽ നീക്കി വെക്കുന്നു.

**പ്രകാശിത പൂർണ്ണ ഗ്രാമം**

പഞ്ചായത്തിലെ പ്രധാന റോഡുകളിൽ ഇതിനകം തന്നെ തെരുവ് വിളക്കുകൾ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തിക്കുന്നുണ്ട്. 2023–24 സാമ്പത്തിക വർഷം ചെക്യേരി ഉന്നതി, മൂപ്പൻകൊളപ്പ ഉന്നതി, തറപ്പിക്കണ്ടം ഉന്നതി, ആലച്ചേരി സ്കൂൾ പാറാടി റോഡ്, പള്ളിപ്പാലം പപ്പൻപീടിക, ചോല മുഴപ്പൻചേരി, ആനക്കല്ല് പുഴക്കര, എടയാർ ആലച്ചേരി, വായന്നൂർ ഞാലിൽ എന്നീ റോഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കാൻ നടപടികൾ പൂർത്തിയായി. അടുത്ത സാമ്പത്തിക വർഷം പെരുന്തോടി ഈരായിക്കൊല്ലി, വായന്നൂർ പുതുശ്ശേരിപ്പൊയിൽ ആലച്ചേരി എടക്കോട്ട, ഇടുമ്പക്കുന്ന് ബാവ റോഡ്, കൊമ്മേരി കറ്റ്യാട്, നെടുംപൊയിൽകാട് റോഡ്, കോളയാട് ചേല, പുത്തലം കട്ടിലോറ, കോളയാട് വയൽ പാടിപ്പറമ്പ്, അംഗൻവാടി കോഴിമൂല, ആലപ്പറമ്പ് റോഡ്, പാലയാട്ടുകരി കരിഞ്ചവം, ചങ്ങലഗേറ്റ് പെരുവ എന്നീ റോഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കാൻ പുതിയ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനും നിലവിൽ തകരാറിലായ ബൾബ് മാറ്റിവെക്കുന്നതിനുമായി ഈ ബജറ്റിനകത്ത് **29 ലക്ഷം രൂപ** നീക്കി വെക്കുകയാണ്.

കോളയാട് ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണത്തിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവുകയാണ്. 353 പേരാണ് രജിസ്റ്ററിൽ ഉള്ളത്. അതിൽ 36 ക്യാൻസർ രോഗികൾ 9 ഡയാലിസിസ് ചെയ്യുന്നവർ, 8 നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ ഉൾപ്പടെ 160 പേർക്ക് തുടർ പരിചരണം ആവശ്യമുള്ളവരാണ്. അതുകൊണ്ട് തന്നെ വലിയ ഉത്തരവാദിത്തമാണ് പഞ്ചായത്തിന് ഈ മേഖലിയിൽ ഉള്ളത്. ജീവിതാവസാന നാളുകളിൽ കഷ്ടപ്പെടുന്നവർക്ക് അശ്വാസം നൽകുന്നതിനായി മറ്റ് സന്നദ്ധ സംഘടകളുമായി ചേർന്ന് സേവനങ്ങൾ നൽകേണ്ടതുണ്ട്. അവർക്ക് വേണ്ട ഉപകരണങ്ങൾ, കിടക്ക, ഐ സി യു ബെഡ്, ഓക്സിജൻ കോൺസൺട്രേറ്റർ

ഉൾപ്പടെ വാങ്ങുന്നതിനും ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സഹായമടക്കം ഈ വർഷം **16.5 ലക്ഷം രൂപ** വകയിരുത്തുന്നു.

ആരോഗ്യ രംഗത്തുണ്ടായ നേട്ടം ആയുർദൈർഘ്യം വർദ്ധിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. നല്ലൊരു ശതമാനം ആളുകൾ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാരാണ്. എന്നാൽ അവർക്ക് അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങൾ അനവധിയാണ്. ഒറ്റപ്പെടലിന്റേയും അവഗണനയുടെയും ഇടയിൽ നിന്നാണ് അവർ ജീവിതം മുന്നോട്ട് നയിക്കുന്നത്. അവർക്ക് സാന്ത്വനവും മാനസിക പിരിമുറക്കത്തിൽ നിന്ന് മോചനവും സന്തോഷം നൽകുക എന്നത് ഏത് ഭരണ സംവിധാനത്തിന്റെയും ഉത്തരവാദിത്തമാണ്. അതുകൊണ്ട് നമ്മുടെ വയോജന കേന്ദ്രങ്ങളെ സജീവമായി നിലനിർത്താനും തറയിൽകിടന്ന് ഉറങ്ങുന്ന വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യലുമാണ്. മുൻകാലങ്ങളിൽ ചെയ്തത്. എന്നാൽ അതിൽ നിന്നും മാറ്റം ആവശ്യമാണെന്ന അഭിപ്രായം കണക്കിലെടുത്ത് കോളയാട് വയോജന കേന്ദ്രങ്ങളിൽ പകൽവീട് ഒരുക്കുന്നതിന് ഫണ്ട് വെച്ചെങ്കിലും പ്രവർത്തനം തുടങ്ങുന്നതിന് സാധിച്ചിരുന്നില്ല. എന്നൽ വയോജനങ്ങളുടെ ഉല്ലാസയാത്രയും കലോത്സവവും ഈ വിഭാഗത്തിലുള്ള ആളുകളിൽ ഉണ്ടാക്കിയ ആനന്ദം ചെറുതല്ല. അടുത്ത സാമ്പത്തിക വർഷം പകൽവീട് സൗകര്യം മെച്ചപ്പെടുത്തുന്നതിനും വയോജന വിനോദയാത്രകളിലും കലോത്സവത്തിനുമായി **6 ലക്ഷം രൂപ** വകയിരുത്തുന്നു.

കോളയാട്, പേരാവൂർ, ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷി കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ബഡ്സ് സ്കൂൾ ഇന്ന് സൗകര്യപ്രദമായ ഇടത്തേക്ക് പ്രവർത്തിക്കാനായത് ഈ ഭരണസമിതിയെ സംബന്ധിച്ച് അഭിമാനമുണ്ടാക്കുന്ന കാര്യമാണ്. വർഷങ്ങളോളം ഇടുങ്ങിയ മുറിയിൽ പ്രവർത്തിച്ച ഈ സ്ഥാപനം ഇപ്പോൾ കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചക്കും ഉല്ലാസത്തിനും ഏറെ സഹായകരമാണ്. ഇതിന്റെ തുടർ പ്രവർത്തനം നല്ല രീതിയിൽ നടത്തുന്നതിനും ഭിന്നശേഷി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനും ഭിന്നശേഷി കലോത്സവത്തിനും വേണ്ടി ഈ വർഷം **16 ലക്ഷം** വകയിരുത്തുന്നു.

ഒട്ടേറെ കായിക പ്രതിഭകളെ വാർത്തെടുത്ത കോളയാടിന് അനുഗ്രഹമായി മിനിസ്റ്റേഡിയം ഈ വർഷം പൂർത്തിയാവുകയാണ്. പുതിയ കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിന് വേണ്ടി നമ്മുടെ പഞ്ചായത്തിലെ ഫുട്ബോൾ അക്കാദമിയിൽ 30 കുട്ടികൾ പരിശീലനം നടന്നു വരുന്നുണ്ട്. കൂടാതെ വനിതകൾക്കായി ഒരു ഫിറ്റ്നെസ്സ് സെന്ററും ഈ വർഷം പ്രവർത്തനം ആരംഭിക്കും. ഫുട്ബോൾ അക്കാദമിയുടെ തുടർ പ്രവർത്തനത്തിനും പുതിയ

കായിക ഇനമായ കളരിപ്പയറ്റിന് പരിശീലനം നൽകുന്നതിനും കേരളോത്സവം നടത്തിപ്പിനുമായി **5 ലക്ഷം** മാറ്റിവെക്കുന്നു.

പഞ്ചായത്തിൽ പെരുവയിൽ സ്ഥിതി ചെയ്യുന്ന പി എച്ച് സി, എഫ് എച്ച് സി യുടെ നിലവാരത്തിലേക്ക് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾതന്നെ എഫ് എച്ച് സിയുടെ എല്ലാ സേവനങ്ങളും നൽകിവരുന്നുണ്ട്. ലാബ് സൗകര്യം, മരുന്ന്, വൈകുന്നേരങ്ങളിലുള്ള ഒ പി സൗകര്യം എന്നിങ്ങനെ എല്ലാം നല്ല നിലയിൽ നടന്നു വരുന്നു. കൂടാതെ രോഗികൾ വന്നെത്തുന്ന ഇടമായി നമ്മുടെ പി എച്ച് സി മാറി. 95 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തി പൂർത്തിയാക്കുന്നതോടെ എഫ് എച്ച് സി യുടെ പൂർണ്ണതയിലേക്ക് എത്തിച്ചേരും. പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന 3 സബ് സെന്റുകളിൽ ഏറെ പഴക്കം ചെന്ന ആലച്ചേരി സബ് സെന്ററിന്റെ പുതിയ കെട്ടിടം 57 ലക്ഷം രൂപ ചെലവഴിച്ച് പ്രവൃത്തിയാരംഭിച്ചു. മറ്റ് രണ്ട് സബ് സെന്ററുകളുടേയും പശ്ചാത്തല സൗകര്യം വർദ്ധിപ്പിച്ചു. പഞ്ചായത്ത് കെട്ടിടത്തിൽ ഇടുങ്ങിയ കെട്ടിടത്തിൽ തുടങ്ങിയ ഹോമിയോ ആശുപത്രി സൗകര്യപ്രദമായ ഇടത്തേക്ക് മാറിയത് ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായി. കോളയാട് ചെമ്പുക്കാവിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രി നവീകരിച്ചു. അടുത്ത വർഷം പി എച്ച് സി യുടെ നവീകരണത്തിന് മരുന്നിനും തുടർ പ്രവർത്തനത്തിനും ഫർണിച്ചറിനും സൗന്ദര്യവത്കരണത്തിനും സബ്സെന്റുറുകളുടെ നവീകരണത്തിനുമായി ഈ വർഷം **36 ലക്ഷം രൂപ** വകയിരുത്തുന്നു.

പഞ്ചായത്തിൽ എയ്ഡഡ് അടക്കം 11 വിദ്യാലയങ്ങളാണുള്ളത്. അതിൽ 5 ഗവഃ വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കാൻ കഴിഞ്ഞ കാലയളവിൽ സാധിച്ചു. കൂടാതെ മേനച്ചോടി ഗവഃ യു പി സ്കൂളിന് ബഹുഃ എം എൽ എ ശൈലജ ടീച്ചറുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് രണ്ട് ക്ലാസ്സ് മുറികളും പൂർത്തിയായിട്ടുണ്ട്. അധ്യാപകരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കൊമ്മേരി, പാലയത്തുവയൽ, മേനച്ചോടി, വേക്കളം എന്നീ വിദ്യാലയങ്ങളുടെ നവീകരണത്തിനും തുടർ സാക്ഷരതാ പത്താംതരം തുല്യത, വായനശാലകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടത്തുന്നതിനുമായി ഈ ബജറ്റിനകത്ത് **24 ലക്ഷം രൂപ** നീക്കിവെക്കുന്നു.

മാലിന്യ നിർമ്മാർജ്ജന രംഗത്ത് വലിയ ഇടപെടലാണ് കഴിഞ്ഞ കാലയളവിൽ പഞ്ചായത്തിന് നടത്താൻ സാധിച്ചത്. യൂസർഫീ നൽകുന്ന വീടുകളുടെയും കടകളുടെയും എണ്ണത്തിൽ വൻ വർദ്ധനവാണ് ഉണ്ടായത്. 60% ൽ നിന്നും 90% ലേക്ക് അതുയർന്നു. ജനകീയ ഇടപെടലിലൂടെ റോഡുകളും

തോടുകളും മാലിന്യമുക്തമാക്കി. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും സമ്പൂർണ്ണ മാലിന്യമുക്തമാക്കി പ്രഖ്യാപിച്ചു. കൂടാതെ എല്ലാ സ്ഥാപനങ്ങൾക്കും കമ്പോസ്റ്റ് ബിന്നും ആവശ്യമുള്ള വീടുകൾക്ക് റിംഗ് കമ്പോസ്റ്റും വിതരണം ചെയ്തു. അതിലൂടെ നമ്മുടെ പഞ്ചായത്ത് സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചു. കൂടാതെ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ശ്മശാനത്തിന്റെ പൂർത്തീകരണം ഉദ്ഘാടനത്തിന്റെ വക്കിലാണ്. എല്ലാ സ്കൂളിലും ദ്രവമാലിന്യ സംസ്കരണത്തിന്റെ സോക് പിറ്റും മത്സ്യമാർക്കറ്റിന് ടാങ്ക് നിർമ്മിക്കാനും ഫണ്ട് നീക്കി വെച്ചിട്ടുണ്ട്. ഹരിത സേനാംഗങ്ങളുടെ മാലിന്യ ശേഖരണമടക്കം ആവശ്യക്കാർക്ക് ഇനിയും റിംഗ് കമ്പോസ്റ്റ് വിതരണത്തിനും മത്സ്യമാർക്കറ്റ് നവീകരണത്തിനും 21 ലക്ഷം രൂപ ഈ ബജറ്റിനകത്ത് നീക്കി വെക്കുന്നു.

കണ്ണൂർ ജില്ലയിൽ ആറളം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ എസ് ടി കുടുംബങ്ങൾ അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ അവർ നേരിടുന്ന പ്രധാന വെല്ലുവിളി മക്കളുടെ പഠനവും വിവാഹവുമായി ബന്ധപ്പെട്ടാണ്. സ്കൂളിൽ പോകാത്ത ഒരു കുട്ടിയേയും നമുക്ക് കാണാൻ വേണ്ടി കഴിയില്ല. ഈയൊരു പാശ്ചാത്തലത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടുന്ന ഒട്ടനവധി വിദ്യാർത്ഥികൽ നമ്മുടെ ഉന്നതികളിലുണ്ട്. അവരെ സഹായിക്കേണ്ട ഉത്തരവാദിത്തം, പെൺമക്കളുടെ വിവഹാത്തിന് കഷ്ടപ്പെടുന്ന സാമ്പത്തിക പരാതീനത അനുഭവിക്കുന്ന ഒട്ടേറെ രക്ഷിതാക്കളെയും ഉന്നതികളിൽ നമുക്ക് കാണാൻ കഴിയും. ഇവരെ സഹായിക്കുന്നതിന് ഈ ബജറ്റികത്ത് **21 ലക്ഷം രൂപ** പാശ്ചാത്തല സൗകര്യ വികസനത്തിന് പുറമെ നീക്കി വെക്കുകയാണ്.

പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 1400 ഓളം തൊഴിലാളികൾക്ക് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കഴിഞ്ഞ വർഷങ്ങളിലും നടപ്പുവർഷവും നൽകാൻ കഴിഞ്ഞു. ഏകദേശം 5.5 കോടി രൂപയിലധികം ചെലവഴിക്കാനും ഓരോ വർഷവും നമുക്ക് കഴിഞ്ഞിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ നീർച്ചാൽ സംരക്ഷണം ഗ്രാമീണ റോഡുകളുടെ നിർമ്മാണവും ഇതുവഴി നടന്നു വരുന്നു. അടുത്ത സാമ്പത്തിക വർഷം 30% മെറ്റീരിയൽ വർക്കിന് വേണ്ടി നീക്കിവെക്കാമെന്ന ഉത്തരവ് വന്നതിലൂടെ പഞ്ചായത്തിലെ മുഴുവൻ ഗ്രാമീണ റോഡുകളുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. അതുകൊണ്ട് അടുത്ത വർഷം **7 കോടി** രൂപയുടെ നിക്ഷേപ പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിൽ കണ്ടെത്തിയ അതിദാരൃദ്ര്യ വിഭാഗത്തിൽ കണ്ടെത്തിയ 84 പേരിൽ 6 പേരിൽ 5 പേർക്ക് വീട് നിർമ്മാണം പൂർത്തിയായി. 10 കുടുംബങ്ങളിൽ 11 പേർക്ക് മരുന്നും 6 പേർക്ക് വീട് റിപ്പയർ ചെയ്ത്

കൊടുക്കാനും 2 പേർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനും ഫണ്ട് അനുവദിച്ചു. 3 പേർക്ക് കോഴിയും കൂടം ഒരാൾക്ക് ആടും കൂടും നൽകി ഉപജീവന മാർഗ്ഗം കണ്ടെത്തി നൽകി. ഒരാളുടെ വീട് പണി പൂർത്തീകരിക്കുന്നതോടു കൂടി നമ്മുടെ പഞ്ചായത്തും സമ്പൂർണ്ണ അതിദരിദ്ര നിർമ്മാർജ്ജന പഞ്ചായത്തായി നമ്മൾ മാറും. അടുത്ത സാമ്പത്തിക വർഷവും ഇവരുടെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് ഇവരുടെ വീട് നവീകരണത്തിനും മരുന്നിനുമായി **9 ലക്ഷം രൂപ** മാറ്റിവെക്കുന്നു.

## പശ്ചാത്തല മേഖല

കോളയാട് ഗ്രാമപഞ്ചായത്തിന് അഭിമാനിക്കാൻ സാധിക്കുന്ന പശ്ചാത്തല വികസനമാണ് ഈ കാലയളവിൽ നടന്നത്. ജനങ്ങളുടെ ചിരകാല സ്വപ്നമായിരുന്ന ടൗൺ വികസനം യാഥാർത്ഥ്യമായി, പള്ളിപ്പാലം പാലയാട്ടുകരി റോഡ് യാഥാർത്ഥ്യമായി, കടൽകണ്ടം പാലം യാഥാർത്ഥ്യമായി, നെടുംപൊയിൽ ടൗൺ വികസനത്തിന് 1 കോടി രൂപ ബജറ്റിന് നീക്കിവെച്ചു. കൂടാതെ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണത്തിന്റെ ഭാഗമായി പെരുന്തോടി നെടുംപുറംചാൽ റോഡും പുളിഞ്ചോട് നാൽപ്പാടി റോഡും 90 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ടെണ്ടർ നടപടി പൂർത്തിയായി. നാൽപ്പാടി വായന്നൂർ പുതുശ്ശേരിപ്പൊയിൽ റോഡ് പി എം ജി എസ് വൈ യിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നു വരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും വിവിധ റോഡുകളുടെ പണി പൂർത്തിയായി. എം പി മാരുടെ ആസ്തി വികസനത്തിൽ വിവിധ റോഡുകളും ഹൈമാസ്റ്റ് ലൈറ്റുകളും പൂർത്തിയായി. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചു കൊണ്ട് എല്ലാ വാർഡുകളിലും പ്രധാനപ്പെട്ട രണ്ടോ മൂന്നോ റോഡുകൾ പൂർത്തീകരിച്ചു. നിലവിലുണ്ടായിരുന്ന റോഡുകൾ പുനരുദ്ധാരണ പ്രവൃത്തി നടത്തി ഗതാഗതയോഗ്യമാക്കി. ഇനിയും നമുക്ക് പശ്ചാത്തല മേഖലയിൽ സൗകര്യം മെച്ചപ്പെടേണ്ടതുണ്ട്. കണ്ണവം പാലം മുതൽ നെടുംപൊയിൽ വരെയുള്ള അന്തർ സംസ്ഥാന പാതയ്ക്ക് 9 കോടി രൂപയും എടയാർ ആലച്ചേരി പി ഡബ്ല്യൂ റോഡിന് 11 കോടി രൂപയും ഈ വർഷം ഭരണാനുമതി പ്രതീക്ഷിക്കുകയാണ്. കൂടാതെ കോളയാട് മൊട്ട പാടിപ്പറമ്പ് വയൽ റോഡ് 4 കിമീ പിഎംജിഎസ് വൈ യിൽ ഉൾപ്പെടുത്തുന്നതിന് ശ്രമം നടന്നു വരുന്നുണ്ട്. എം എൽ എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും എം പി ഫണ്ടിൽ നിന്നും 20 ലക്ഷം രൂപയും ഗ്രാമീണ റോഡുകളുടെ വികസനത്തിന് പ്രതീക്ഷിക്കുകയാണ്. അടുത്ത സാമ്പത്തിക വർഷം നമ്മുടെ പഞ്ചായത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് വേണ്ടി **1 കോടി 74 ലക്ഷം** രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ 196 കുടുംബശ്രീയിൽ 2885 ആളുകളാണുള്ളത്. അതിൽ 46 എസ് ടി അയൽക്കൂട്ടങ്ങളിൽ 780 അംഗങ്ങൾ നിലവിലുണ്ട്. 61 സംരംഭങ്ങൾക്ക് 28 ലക്ഷം രൂപ കുടുബശ്രീ അയൽക്കൂട്ടങ്ങൾക്ക് നൽകിയിട്ടുണ്ട്. തൊഴിലില്ലാതെ നാട്ടിലെത്തുന്ന പ്രവാസികൾക്ക് 8 ലക്ഷം രൂപയും നൽകാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് കഴിഞ്ഞ കാലയളവിൽ കുടുംബശ്രീ ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറിയത് അവർക്ക് ഏറെ പ്രയോജനകരമായി. അതുകൊണ്ട് തന്നെ നമ്മുടെ പഞ്ചായത്തിലെ സി ഡി എസ് മോഡൽ സി ഡി എസ് ആയി ഉയർത്തപ്പെടുകയും ചെയ്തു. കിയോസ്കും ജനകീയ ഹോട്ടലും ജനശ്രദ്ധ ആകർഷിക്കുന്ന സംരംഭങ്ങളായി തുടരുകയാണ്. കൂടാതെ പഞ്ചായത്ത് ഓരോ വർഷവും വനിതകൾക്കായി 28 ലക്ഷം രൂപ നീക്കിവെച്ചുകൊണ്ട് തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട ഇടപെടൽ നടത്തുന്നു. അടുത്ത സാമ്പത്തിക വർഷവും വനിതകൾക്കായി **30 ലക്ഷം രൂപ** മാറ്റിവെക്കുകയാണ്.

ഈസ് ഓഫ് ഡുയിംഗ് ബിസിനസ്സിൽ കേരളം ഒന്നാമതെത്തുമ്പോൾ വ്യവസായ വകുപ്പ് നമ്മുടെ പഞ്ചായത്തിന് വന്ന ടാർജറ്റ് പൂർണ്ണമായും ലക്ഷ്യത്തിലേക്കെത്താൻ 181 സംരംഭങ്ങൾ ആരംഭിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ജനാധിപത്യ സർക്കാറുകൾ ജനങ്ങളുടെ ക്ഷേമത്തിനും അതിജീവനത്തിനും സന്തോഷകരമായി ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പ്രതിജ്ഞാബദ്ധമാകണം വിഭവങ്ങളുടെ അമിത ചൂഷണം നിയന്ത്രിച്ചും പാരിസ്ഥിതിക ആഘാതങ്ങൾ ആവുന്നത്ര കുറച്ചും കൈവരിക്കുന്ന വികസനമാണ് പൊതുവെ സുസ്ഥിര വികസനമെന്ന് വിവക്ഷിക്കുന്നത്. പരിസ്ഥിതിയെ സംരക്ഷിച്ചും മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുമുള്ള വീണ്ടെടുപ്പിന്റെയും വളർച്ചയുടെയും പാതയിലൂടെയുള്ള ഒരു നവകേരള നിർമ്മിതിക്കാണ് കേരള സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ലക്ഷ്യങ്ങളെ പിൻപറ്റി നമ്മുടെ പഞ്ചായത്തിലെ സാധാരണ ജനങ്ങളുടെ ജീവിതഗന്ധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് മുന്നോട്ട് പോകാനുള്ള പഞ്ചായത്തിന്റെ ശ്രമമാണ് അനാവരണം ചെയ്യപ്പെടുന്നത്. ഈ വർഷം **261963926/- (ഇരുപത്തിയാറ് കോടി പത്തൊമ്പത് ലക്ഷത്തി അറുപത്തിമൂവായിരത്തി തൊള്ളായിരത്തി അറുപത്തിമൂന്ന്)** രൂപ വരവും **256247000/- (ഇരുപത്തിയഞ്ച് കോടി അിറപത്തിരണ്ട് ലക്ഷത്തി നാൽപ്പത്തിയേഴായിരം)** രൂപ ചെലവും **5716926/- (അമ്പത്തിയേഴ് ലക്ഷത്തി പതിനാറായിരത്തി തൊള്ളായിരത്തി ഇരുപത്തിയാറ്)** രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ഈ ബജറ്റ് പഞ്ചായത്തിലെ

പതിനാല് വാർഡുകളുടെയും സമതുലിതമായ വികസന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത്.

പ്രതിസന്ധികളെയും പ്രയാസങ്ങളെയുമെല്ലാം പ്രതിരോധിച്ചുകൊണ്ട് അതിജീവനത്തിന്റെ വഴിയിലൂടെ സ്നേഹത്തിന്റെയും ഒരുമയുടെയും മാർഗ്ഗത്തിലൂടെ മുന്നോട്ട് നീങ്ങാനുള്ള ഇത്തിരി വെളിച്ചമായി ഈ ബജറ്റ് മാറുമെന്ന് പ്രതീക്ഷിച്ചു കൊണ്ടും ഈ ബജറ്റവതരണവുമായി സഹകരിച്ച മുഴുവനാളുകളോടുമുള്ള നന്ദി അറിയിച്ചു കൊണ്ടും 2025–26 സാമ്പത്തിക വർഷത്തെ ബജറ്റ് നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.